ഉറപ്പാക്കുന്നതിനായി ആ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുൾപ്പെടെയുള്ള ജനകീയ കമ്മിറ്റികളുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം ചീഫ് എൻജിനീയർ, (നിരത്തുകളും പാലങ്ങളും വിഭാഗം) ചെയർമാനും സൂപ്രണ്ടിംഗ് എൻജിനീയർമാർ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ, സീനിയർ ഫൈനാൻസ് ആഫീസർ എന്നിവർ മെമ്പർമാരായും ഒരു സംസ്ഥാനതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ് ഡിവിഷൻ) ചെയർമാനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ മെമ്പർമാരും ആയുള്ള ഡിസ്ട്രിക്റ്റ് ലെവൽ ടാസ്ക് ഫോഴ്സുകളും എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

(സി) റോഡുകളുടെ അറ്റുകുറ്റപ്പണികൾക്ക് അനുവദിക്കുന്ന പണം ടാസ്ക്ഫോഴ്സ് കമ്മിറ്റിയിൽ വച്ച് മുൻഗണനാപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റ് അനുസരിച്ച് പണികൾക്ക് അംഗീകാരം നൽകുകയും പ്രസ്തുത പണികൾ കൃത്യമായി ചെയ്യാറുണ്ടോ എന്ന് ടാസ്ക് ഫോഴ്സ് കമ്മിറ്റികൾ മോണിറ്റർ ചെയ്യുകയും അത് കൃത്യമായി നടന്നുവരികയുമാണ്. നിലവിലുള്ള സംവിധാനം തൃപ്തികരമാണ്.

എക്സ്പ്രസ് ഹൈവേയുടെ പണി

94 (2813) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ പരിഗണനയിലുള്ള എക്സ്പ്രസ് ഹൈവേയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് കോഴിക്കോട് ജില്ലയുടെ ഏത് ഭാഗത്തുനിന്നും തുടങ്ങി ഏത് ഭാഗത്ത് അവസാനിക്കും എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പണി എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം കാസർഗോഡ് എക്സ്പ്രസ് ഹൈവേയുടെ സാദ്ധ്യതാപഠനത്തിന്റെ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. കേരളത്തിൽ മുഴുവൻ നീളം തെക്കു വടക്കായി പോകുന്ന ഈ പാതയുടെ അലൈൻമെന്റ് സംബന്ധിച്ചും പദ്ധതി എപ്രകാരം നടപ്പാക്കണമെന്നത് സംബന്ധിച്ചും അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly